ഭരണഭാഷ – മാതൃഭാഷ

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 20-06-2026

No.TRY/1001/2023-S1

പ്രേഷകൻ

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി വകുപ്പ്-വിവിധ കാരണങ്ങളാൽ ഇടപാടുകാർക്ക് വിതരണം നടത്തുവാൻ കഴിയാതെ സ്റ്റോക്കിൽ ഉൾപ്പെടുത്തി ട്രഷറികളിൽ സൂക്ഷിച്ചിരിക്കുന്ന SB, PD ചെക്കുകൾ, വിത്ത് ഡ്രാവൽ ഫോമുകൾ തുടങ്ങിയവ നശിപ്പിക്കുന്നത്–സംബന്ധിച്ച്.

സൂചന:
1. ഈ കാര്യാലയത്തിൽ നിന്നും 07/04/2022-ന് നൽകിയിട്ടുള്ള TRY/10315/2019-S1 നമ്പർ കത്ത്.
2. വിവിധ ട്രഷറികളിൽ നിന്നും ഇതേ വിഷയത്തിൽ സമർപ്പിച്ചിട്ടുള്ള കത്തുകൾ

വിഷയത്തിലേക്കും സൂചനകളിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സ്റ്റോക്കിൽ ഉൾപ്പെടുത്തി ട്രഷറികളിൽ സൂക്ഷിച്ചിരിക്കുന്നതും വിവിധ കാരണങ്ങളാൽ ഇടപാടുകാർക്ക് വിതരണം നടത്തുവാൻ കഴിയാതെ അവശേഷിക്കുന്നതുമായ കാലഹരണപ്പെട്ടതും ഉപയോഗയോഗ്യവുമല്ലാതെ വന്നിട്ടുള്ള SB, PD ചെക്കുകൾ, വിത്ത് ഡ്രാവൽ ഫോമുകൾ, പ്രിന്റെടുക്കുമ്പോൾ ഉപയോഗശൂന്യമായിട്ടുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ സ്റ്റോക്ക് രജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഡെപ്യൂട്ടി ഡയറക്ടർമാരുടെ മേൽനോട്ടത്തിൽ നശിപ്പിക്കുന്നതിന് അനുമതി നൽകുന്നു.

ഇത്തരത്തിലുള്ളവ അവശേഷിക്കുന്ന ട്രഷറികൾ ആയത് നശിപ്പിക്കുന്നതിനുള്ള അനുമതിക്കായുള്ള അപേക്ഷ ഇനം തിരിച്ച്

തയ്യാറാക്കി അതാത് ജില്ലാ ട്രഷറി ഓഫീസർമാരുടെ ശിപാർശയോടുകൂടി ഡെപ്യൂട്ടി ഡയറക്ടർമാർക്ക് സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ ആയത് പരിശോധിച്ച് ബോധ്യപ്പെട്ട് അവരുടെ വ്യക്തിപരമായ മേൽനോട്ടത്തിലും സാന്നിധ്യത്തിലും നശിപ്പിക്കേണ്ടതും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ അതത് ട്രഷറികളുടെ സ്റ്റോക്ക് പുസ്തകത്തിൽ ഉൾപ്പെടുത്തി കുറവ് ചെയ്യേണ്ടതുമാണ്.

വിശ്വസ്തതയോടെ

Digitally signed by
SAJAN V
Date: 20-06-2026
15:32:21

**V SAJAN**

**DIRECTOR**

Directorate of Treasuries, Pattom, Pattom Palace.P.O, Thiruvananthapuram, Kerala 695004
www.treasury.kerala.gov.in, Email: treasury@kerala.gov.in
Ph: 0471-2323963,2322712 , FAX:0471-2324229